**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1596** **11-10-2024 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് (ആർ.ഐ.ഡി.എഫ്.) പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ കാർഷിക മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തികൾക്ക് ചെലവായ തുകയും അവയുടെ നിലവിലെ പുരോഗതിയും വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXVI പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കുന്ന 2 പദ്ധതികളുടെയും അതിൽ ഉൾപ്പെട്ട വിവിധ പ്രവൃത്തികളുടെയും വിശദാംശം അനുബന്ധം - I ആയും, ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXV -ൽ ഉൾപ്പെടുത്തി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതി അനുബന്ധം - II ആയും ചേർക്കുന്നു. |
| (ബി) | ആലത്തൂർ മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ? | (ബി) | ആർ.ഐ.ഡി.എഫ്-XXXൽ അംഗീകാരം ലഭിക്കുന്നതിനായി തേങ്കുറുശ്ശി, മേലാർക്കോട്, കുഴൽമന്ദം, വണ്ടാഴി എന്നീ നാല് പഞ്ചായത്തുകൾ ഉൾപ്പെടുത്തി 25 കോടി രൂപയുടെ ഒരു പ്രൊജക്റ്റ് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – I

## കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കുന്നത്

| ക്രമ നമ്പർ | | പദ്ധതിയുടെ / പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (രൂപ ലക്ഷത്തിൽ) | പദ്ധതി ചെലവ് (രൂപ ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | | **പാലക്കാട് ജില്ലയിലെ ആലത്തൂർ ബ്ലോക്കിന് കീഴിലുള്ള പ്രകൃതി സംയോജിത കാർഷിക പുനരുജ്ജീവന (നിറ) പദ്ധതിയിൽ ആലത്തൂർ, കിഴക്കഞ്ചേരി, എരിമയൂർ പഞ്ചായത്തുകളിലെ വിവിധ പാടശേഖരങ്ങളിലെ കാർഷിക ഉല്പാദനം മെച്ചപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ.** | 1923 | | |
| | a | റീച്ച്-I – വാന്നൂർ തോട് പാർശ്വ സംരക്ഷണം. | 486.2 | 319.69328 | പ്രവൃത്തി പൂർത്തീകരിച്ചു |
| | b | റീച്ച്-II – കീഴ്പ്പാടം തോടിന്റെ പാർശ്വ സംരക്ഷണവും കീഴ്പ്പാടം ഫീൽഡ് ചാനൽ നിർമ്മാണവും. | 283.7 | 66.27 | പ്രവൃത്തി പൂർത്തീകരിച്ചു |
| | c | റീച്ച്-III – പറക്കുന്നം, ഊരംകോട്, വെങ്ങാന്നൂർ, വെള്ളാട്ടുപടി, കുരോട്മണ്ണ് എന്നിവിടങ്ങളിൽ ഫീൽഡ് ചാനലുകളുടെ നിർമ്മാണം. | 273.8 | 137.43 | പ്രവൃത്തി പൂർത്തീകരിച്ചു |

| | | | | | |
|---|---|---|---|---|---|
| | d | റീച്ച്-IV - നെല്ലിച്ചോട്, പുറവത്തൂർകാട് എന്നിവിടങ്ങളിൽ ഫീൽഡ് ചാനലുകളുടെ നിർമ്മാണം. | 89.5 | 66.33561 | പ്രവൃത്തി പൂർത്തീകരിച്ചു |
| | e | റീച്ച് - I പത്തിയാർ കുളമ്പ്-ചുള്ളിമട, കുന്നംപട്ടി-പാറക്കുന്നം- താമരവട്ടം എന്നിവിടങ്ങളിൽ ഫീൽഡ് ചാനലുകളുടെ നിർമ്മാണം. | 185 | 126.22538 | പ്രവൃത്തി പൂർത്തീകരിച്ചു |
| | f | റീച്ച്-II - ചാരുപ്പാടി-കരിഞ്ഞാലി, മനച്ചിപ്പാടം-കൈരംപാറ, അരിയക്കോട്-ചേരനാട്, അയ്യപ്പൻകാട്-എറിയഞ്ചിറ എന്നീ ഫീൽഡ് ചാനലുകളുടെ നിർമ്മാണം. | 150 | 19.2 | പ്രവൃത്തി പൂർത്തീകരിച്ചു |
| | g | റീച്ച്-III - ആലത്തൂർ ബ്ലോക്ക്, പാലക്കാട് ജില്ല - റീച്ച്- III | 200 | 142.86535 | പ്രവൃത്തി പൂർത്തീകരിച്ചു |
| | h | റീച്ച്- I - ഫീൽഡ് ചാനലുകൾ നിർമ്മാണം മമ്പാട്-കാട്ടുകുളങ്ങര, കരുമനശ്ശേരി-അകംപാടം, കാടൻചിറത്തോട്-മൂലങ്കോട്. | 141.7 | 107.67929 | പ്രവൃത്തി പൂർത്തീകരിച്ചു |
| | i | റീച്ച് - II പുന്നപ്പാടം, വക്കാല, തേക്കിൻകലത്തോട്, അവിഞ്ഞി ഡാം എന്നിവിടങ്ങളിൽ ഫീൽഡ് ചാനലുകളുടെ നിർമ്മാണം. | 176.7 | 130.77283 | പ്രവൃത്തി പൂർത്തീകരിച്ചു |
| II | | **പാലക്കാട് ജില്ലയിലെ ആലത്തൂർ നിയോജകമണ്ഡലത്തിന് കീഴിലുള്ള വിവിധ പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ** | **1000** | | |
| | a | എരുത്തേമ്പതി കൃഷിഭവന്റെ കീഴിൽ ഇടവിഴുതൻപ്പാറ മുതൽ മുല്ലടിക്കാട് | 350 | 227.27 | പ്രവൃത്തി |

| | | | | | |
|---|---|---|---|---|---|
| | | പിടാരിമേട് കുളം വരെ കനാൽ നിർമ്മാണം. | | | പൂർത്തീകരിച്ചു |
| | b | കൊട്ടുവായൂർ കൃഷിഭവന്റെ കീഴിൽ കാക്കയൂർ പൊന്നമംഗലം പാടശേഖരത്തിന് കനാൽ നിർമ്മാണം | 180 | 109.45938 | പ്രവൃത്തി പൂർത്തീകരിച്ചു |
| | c | കൊട്ടുവായൂർ കൃഷിഭവന്റെ കീഴിൽ ഏതന്നൂർ വെസ്റ്റ്, തോണിപ്പാടം പാടശേഖരങ്ങൾക്കായുള്ള കനാൽ നിർമ്മാണം | 172 | 122.31625 | പ്രവൃത്തി പൂർത്തീകരിച്ചു |
| | d | കിഴക്കഞ്ചേരി കൃഷിഭവന്റെ കീഴിലുള്ള അവിഞ്ഞി വേങ്ങശ്ശേരി, ചേരമ്പാടം പാടശേഖരങ്ങളുടെ പാർശ്വ സംരക്ഷണ പ്രവർത്തനങ്ങൾ | 160 | 114.16 | പ്രവൃത്തി പൂർത്തീകരിച്ചു |
| | e | വണ്ടാഴി കൃഷിഭവന്റെ കീഴിലുള്ള കനാലിന്റെ പാർശ്വ സംരക്ഷണ പ്രവർത്തനങ്ങൾ | 138 | 92.50219 | പ്രവൃത്തി പൂർത്തീകരിച്ചു |

സെക്ഷൻ ഓഫീസർ

## അനുബന്ധം – II

## മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെ പേര് | പഞ്ചായത്ത് | അടങ്കൽ തുക (ലക്ഷം) | ചെലവഴിച്ച തുക (ലക്ഷം) | നിലവിലെ പുരോഗതി |
|---|---|---|---|---|---|
| 1 | പിട്ടുക്കാരിക്കുളമ്പ് (ആർ.ഐ. ഡി.എഫ് XXV) | കിഴക്കഞ്ചേരി | 49.1 | 48.896 | പൂർത്തീകരിച്ചു (2020–2024) |

സെക്ഷൻ ഓഫീസർ